ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ. എം1/ഇ-10510/റ്റി സി/2016

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 28.10.2016

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ഔദ്യോഗിക ആവശ്യങ്ങൾക്കായി സാധനങ്ങൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പാലിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന :- ജി.ഒ (പി) നമ്പർ. 3/2013/എസ് പി ഡി തീയതി 21/06/2013.

സ്റ്റോർ പർച്ചേസ് മാനുവൽ 2013 പ്രകാരം 15,000/- രൂപ വരെയുള്ള സ്റ്റോർ പർച്ചേസിന് ക്വട്ടേഷൻ ആവശ്യമില്ല 15,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് അതാത് മേലധികാരികൾ താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. ക്വട്ടേഷൻ ക്ഷണിക്കുക.
2. മേലധികാരിയുടെ നേതൃത്വത്തിൽ മൂന്ന് അംഗങ്ങളിൽ കുറയാതെയുള്ള ഒരു പർച്ചേസ് കമ്മറ്റി രൂപികരിക്കുക.
3. ലഭിച്ച മൂന്നിൽ കുറയാതെയുള്ള ക്വട്ടേഷനുകൾ ക്വട്ടേഷൻ നോട്ടീസിൽ സൂചിപ്പിച്ച ദിവസം ക്വട്ടേഷൻ ദാതാക്കളുടെ സാന്നിദ്ധ്യത്തിലോ / അസാന്നിദ്ധ്യത്തിലോ തുറന്ന് പരിശോധിച്ച് തീയതിവെച്ച് സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു. ആയത് നിർബന്ധമായും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ താരതമ്യം ചെയ്തുകൊണ്ടുള്ള പട്ടികയും തയ്യാറാക്കേണ്ടതാണ്.
4. ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞത് തിരഞ്ഞെടുത്ത് ആയത് നടപടിക്രമം തയ്യാറാക്കി ട്രാൻസ്പോർട്ട് കമ്മീഷണർ ആഫീസിലേയ്ക്ക് അനുമതിയ്ക്കായി സമർപ്പിക്കേണ്ടതാണ്.

o/c

5. ട്രാൻസ്പോർട്ട് കമ്മീഷണർ അനുമതി നൽകുന്നതോടൊപ്പം കെ 2 സെക്ഷൻ വഴി അലോട്ട്മെന്റ് ലഭിക്കുന്നതാണ്.

6. അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ബില്ലുകൾ അതാത് ഓഫീസിൽനിന്നും സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം മാറി നൽകേണ്ടതാണ്.

7. വാഹനം റിപ്പയർ ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളുടെ എസ്റ്റിമേറ്റും ഡ്രൈവറുടെ സമർപ്പണവും വാഹനം പരിശോധിച്ച മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറുടെ റിപ്പോർട്ടും മേലധികാരി സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകിയാൽ മതിയാകും.

സൂചന പ്രകാരം പുതുക്കിയ സ്റ്റോർ പർച്ചേസ് മാന്വൽ 2013 സർക്കാരിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. അവശ്യഘട്ടങ്ങളിൽ ആയത് പരിശോധിച്ച് പ്രയോജനപ്പെടുത്താവുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ,

(ഒപ്പ്)

ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

31/10/2016

സീനിയർ സൂപ്രണ്ട്

31/10.

യു.എൽ